## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 382

## 27/02/2018 - ലെ മറുപടിക്ക്

## സർക്കാർ ജീവനക്കാരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

**ചോദ്യം :**
**ശ്രീ. പി.കെ.ബഷീർ**

**ഉത്തരം :**
**ഡോ. ടി.എം. തോമസ് ഐസക്**
**(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികൾ വഴിയാണ് നടപ്പിലാക്കുന്നതെന്നും എങ്ങനെയാണ് നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കുമോ ; | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് 24.04.2017-ലെ സ.ഉ.(അച്ചടി) നമ്പർ.54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രാരംഭ ഘട്ടത്തിലുള്ള ചർച്ചകൾ, പഠനം എന്നിവയ്ക്ക് ശേഷം ഹെൽത്ത് ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് താല്പര്യപത്രം ക്ഷണിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ടെൻഡർ ക്ഷണിയ്ക്കുന്നതിനു വേണ്ട പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ ഇൻഷ്വറൻസ് കമ്പനി, കവറേജ്, എംപാനൽഡ് ആശുപത്രികൾ, രോഗങ്ങൾ, ജീവനക്കാരുടേയും പെൻഷൻകാരുടേയും വിഹിതം എന്നിവയെ കുറിച്ചുള്ള വിവരം ലഭ്യമാകുകയുള്ളൂ. |
| (ബി) | കേരളത്തിനകത്തും പുറത്തുമുള്ള ഏതെല്ലാം ആശുപത്രികളെയും സ്വകാര്യ ആശുപത്രികളെയുമാണ് പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ വ്യക്തമാക്കുമോ ; | |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം രോഗങ്ങളെയാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്ത രോഗങ്ങൾ ഉണ്ടെങ്കിൽ അവ ഏതെന്ന് വിശദമാക്കാമോ ; | |
| (ഡി) | പ്രസ്തുത പദ്ധതിയ്ക്കായി ഓരോ തലത്തിലുമുള്ള ഉദ്യോഗസ്ഥരിൽ നിന്നും പെൻഷൻകാരിൽ നിന്നും എത്ര തുക വീതമാണ് പിടിക്കുന്നതെന്നും ഒരു വർഷത്തിൽ ചികിത്സയ്ക്കുള്ള ഇൻഷ്വറൻസ് പരിധി എത്രയാണെന്നും വെളിപ്പെടുത്താമോ ? | |

സെക്ഷൻ ഓഫീസർ